(എ) തമിഴ്നാടുമായി അന്തർസംസ്ഥാന ജലസേചനബന്ധത്തെക്കുറിച്ച് ചർച്ചകൾ നടത്തുവാൻ തീയതി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണെന്നും ആരൊക്കെയാണ് ചർച്ചയിൽ പങ്കെടുക്കുകയെന്നും വെളിപ്പെടുത്തുമോ;

(സി) ചർച്ചയിൽ ഉന്നയിക്കപ്പെടുന്ന നദീജല പ്രശ്നങ്ങൾ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പുതുതായി എന്തെങ്കിലും നിർദ്ദേശം തമിഴ്നാട് ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) ഉണ്ട്. 2000 ഏപ്രിൽ 5-ന് തിരുവനന്തപുരത്തുവച്ച് ചർച്ച നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ചർച്ചയിൽ മുഖ്യമന്ത്രിയെക്കൂടാതെ തൊഴിൽ-ജലസേചന വകുപ്പുമന്ത്രി, ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി, വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി, വൈദ്യുതിയും സഹകരണവും വകുപ്പുമന്ത്രി എന്നിവർ പങ്കെടുക്കുന്നതാണ്.

(സി) ഏതെല്ലാം പ്രശ്നങ്ങൾ ചർച്ചയ്ക്കെടുക്കണമെന്നതിന്റെ രൂപരേഖ തയ്യാറായിവരുന്നതേയുള്ളൂ.

(ഡി) പുതിയ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

അണക്കെട്ടിലെ ജലനിരപ്പ് ഇപ്പോഴുള്ള +136 അടിയിൽ നിന്ന് ആദ്യപടിയായി +145 ആയും പിന്നീട് ക്രമേണ +152 അടിവരേയും ഉയർത്തുക എന്നാണ് തമിഴ്നാട് ആവശ്യപ്പെട്ടുവരുന്നത്.

## ടെലിവിഷൻ ചാനലുകളുടെ റിപ്പോർട്ടർമാർക്ക് പ്രസ് അക്രെഡിറ്റേഷൻ

**21(1487)**ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോലി ചെയ്യുന്ന ടെലിവിഷൻ ചാനലുകളുടെ റിപ്പോർട്ടർമാർക്ക് പ്രസ് അക്രെഡിറ്റേഷൻ അനുവദിക്കാറുണ്ടോ; എങ്കിൽ ഇങ്ങനെ എത്രപേർക്ക് അക്രെഡിറ്റേഷൻ അനുവദിച്ചിട്ടുണ്ട്; അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മലയാളം ടി.വി. ചാനലുകളല്ലാതെയുള്ള മറ്റ് ടി.വി. ചാനലുകളുടെ റിപ്പോർട്ടർമാർക്ക് അക്രെഡിറ്റേഷൻ അനുവദിക്കുമോ;

(സി) ഔട്ട്സ്റ്റേഷൻ പത്രങ്ങളുടെ ലേഖകർക്ക് അക്രെഡിറ്റേഷൻ അനുവദിച്ചിട്ടുള്ളതുപോലെ കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ ഭാഷാ ചാനലുകളുടെ ലേഖകർക്ക് അക്രെഡിറ്റേഷൻ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നാലുപേർക്ക്.

1. എം.പി. രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

2. എം.എസ്. വർഗീസ്
3. വി.എം. അഹമ്മദ് (എല്ലാവരും തിരുവനന്തപുരം ദൂരദർശനിലെ റിപ്പോർട്ടർമാർ)
4. എം.എസ്. ബിജു (ഏഷ്യാനെറ്റ്)

(ബി)&(സി) ഇലക്ട്രോണിക്സ് മാധ്യമങ്ങളിലെ പ്രതിനിധികൾക്ക് അക്രെഡിറ്റേഷൻ അനുവദിക്കുന്നതു സംബന്ധിച്ച നിയമം തയ്യാറായി വരികയാണ്. നിയമം പ്രാബല്യത്തിൽ വന്നശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

## ഔദ്യോഗിക വാഹനങ്ങൾക്ക്മേൽ നിറമുള്ള ലൈറ്റ് പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച്

**22(1488)** ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക വാഹനങ്ങൾക്ക്മേൽ നിറമുള്ള ലൈറ്റ് പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇവ ലംഘിക്കപ്പെടുത്തുന്നുണ്ടോ എന്ന് സർക്കാർ പരിശോധിക്കാറുണ്ടോ;

(സി) ഔദ്യോഗിക വാഹനങ്ങൾക്ക്മേൽ ലൈറ്റ് പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ രൂപപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ഔദ്യോഗിക വാഹനങ്ങൾക്കുമേൽ ചുവപ്പു ലൈറ്റ് പ്രദർശിപ്പിക്കാവുന്ന വിശിഷ്ട വ്യക്തികൾ ആരൊക്കെയെന്ന് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കാറുണ്ട്.

(സി) വ്യക്തമായ ഉത്തരവുകൾ ഇപ്പോൾ നിലവിലുണ്ട്.

## വഴിതടയൽ സമരം

**23 (1491)** ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാറിന്റെ കാലത്ത് വഴി തടയൽ സമരത്തിന്റെ ഭാഗമായി എത്ര മന്ത്രിമാരെ എത്ര പ്രാവശ്യം വഴി തടഞ്ഞു എന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മന്ത്രിമാരെ ഇപ്രകാരം വഴി തടഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly